# പൂവാംകുറുന്തിലതുള്ളൽ

ഡോ. നിബുലാൽ വെട്ടൂർ
മലയാളവിഭാഗം, സെന്റ്തോമസ് കോളെജ്, കോഴഞ്ചേരി

സംസ്കാരനിർമിതിക്ക് അടിത്തറപാകുന്നതിൽ കലയ്ക്കുള്ള പങ്ക് ഏറെയാണ്. മനുഷ്യജീവിതത്തോളംതന്നെ പഴക്കമുണ്ട് നാടൻ കലാരൂപങ്ങൾക്ക്. ജീവിതത്തിന്റെ നിലനില്പ് പ്രതിരോധം, ആചാരം, വിശ്വാസം, വിനോദം, എന്നിവയിൽ അധിഷ്ഠിതമാണ് മിക്ക നാടോടിക്കലാരൂപങ്ങളും. കൂട്ടായ്മയുടെയും സംഘബോധത്തിന്റെയും അടിസ്ഥാനത്തിലാണ് ഇവ രൂപപ്പെട്ടിട്ടുള്ളത്. സാമൂഹിക ജീവിതം സുസാധ്യമാക്കുകയെന്ന കർത്തവ്യം ഇവയിൽ അന്തർലീനമാണ്. പാരമ്പര്യവുമായി ഗാഢബന്ധം പുലർത്തുന്നവയാണ് നാടോടിക്കലാരൂപങ്ങളെല്ലാം തന്നെ. അതുകൊണ്ടുതന്നെ അവയ്ക്ക് പ്രാക്തനതയും ഉണ്ട്. പരമ്പരാഗതമായി തലമുറകളിലൂടെ കൈമാറ്റം ചെയ്യുന്നവയാണ് നാടോടിക്കലകൾ. തലമുറകളിലൂടെ കൈമാറ്റം ചെയ്ത് ഇന്നും പ്രാദേശിക ജനവിഭാഗങ്ങൾക്കിടയിലും ചില പ്രത്യേക സമുദായങ്ങളിലും നിലനില്ക്കുന്ന കലാരൂപങ്ങൾ ഏറെയാണ്. പ്രാദേശികമായി മാത്രം അറിയപ്പെടുന്ന ഇത്തരം കലാരൂപങ്ങൾ ഇന്ന് ഫോക്‌ലോർ പഠനത്തിന്റെ ഭാഗമായി ഏറെ ശ്രദ്ധിക്കപ്പെടുന്നുണ്ട്.



മാളോരുടെ കണ്ണേറും നാവേറുദോഷങ്ങളും തീർക്കാൻ ചിങ്ങമാസത്തിൽ, ഓണക്കാലത്ത് ഗ്രാമങ്ങളിലെ വീടുകൾതോറും കയറിയിറങ്ങി വേലൻപാട്ടിന്റെ അകമ്പടിയോടെ വേലൻ സമുദായം നടത്തുന്ന കലാരൂപമാണ് പൂവാംകുറുന്തിലതുള്ളൽ. മധ്യതിരുവിതാംകൂറിലെ പ്രത്യേകിച്ച് പത്തനംതിട്ട ജില്ലയിലെ നാരങ്ങാനത്താണ് ഈ കലാരൂപത്തിന്റെ അവതരണം ഇന്നുള്ളത്. 30 വർഷങ്ങൾക്ക് ശേഷമാണ് ഈ കലാരൂപം ഈയിടെ വീണ്ടും അരങ്ങിലെത്തിയത്. വേലസമുദായത്തിൽപ്പെട്ടവരാണ് ഈ കലാരൂപം പരമ്പരാഗതമായി അവതരിപ്പിച്ചുവരുന്നത്. പുരാണകഥയിലെ മലങ്കുറവന്റെയും കുറത്തിയുടെയും വേഷമണിഞ്ഞ, ശിവനെയും പാർവതിയെയും ഓർമിപ്പിക്കുന്ന വേഷമാണ് രംഗത്ത് വരുന്ന വേലനും വേലത്തിക്കുമുള്ളത്. പുരുഷന്മാർതന്നെയാണ് വേലനും വേലത്തിയുമായി വേഷം കെട്ടി ഈ കലാരൂപം അവതരിപ്പിക്കുന്നത്. തുടികൊട്ടിപ്പാടുന്ന വേലൻപാട്ടിന് അനുസരിച്ച് ചുവടുകൾചവുട്ടി തുള്ളുന്നതാണ് രീതി. വേലസമുദായത്തിലെ സാമൂഹികാചാരങ്ങളിലൊന്നാണ് ഇത്. പാടിയും തുള്ളിയും അനുഗ്രഹിച്ച് വീടുകളിൽനിന്നു കിട്ടുന്ന കോടിമുണ്ടും നെല്ലും മറ്റും വാങ്ങി പടിയിറങ്ങുന്ന സംഘങ്ങൾ പഴയകാല മധ്യതിരുവിതാംകൂറിലെ കാഴ്ചകളിൽ ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു.

### വേഷം

വേലനും വേലത്തിയുമാണ് പൂവാങ്കുറുന്തില തുള്ളലിലെ പ്രധാനവേഷങ്ങൾ. വേലത്തിയെ അവതരിപ്പിക്കുന്ന പുരുഷൻ മുഖത്ത് കരിയെഴുതി കറുത്ത വേഷമണിയുന്നു. കുരുത്തോല കൊണ്ട് നിർമിച്ച കൈതാമരയും തലയിൽ വെള്ളത്തോർത്തുമുണ്ടാകും.

വേലൻ ഭസ്മക്കുറിയണിഞ്ഞ് കറുത്ത മുണ്ടുചുറ്റി അതിനുമുകളിൽ ചെമ്പട്ടുമിടും. അതിനും മുകളിലായി കുരുത്തോല പാവാടയും അണിയും. ദേഹത്ത് രുദ്രാക്ഷമാലയും കുരുത്തോല പൂണൂലും കൈയിൽ കൈതാമരയും കാലിൽ ചിലങ്കയും തലയിൽ പൂവാംകുറുന്തിലയും ചൂടും.

### താളം

ഒറ്റക്കോലുകൊണ്ട് തുടികൊട്ടിയാണ് പാട്ടുപാടുന്നത്. പാട്ടിനും താളത്തിനുമനുസരിച്ച് ചുവടുകൾ ചവുട്ടിയും കുമ്പിട്ടുമാണ് തുള്ളുന്നത്. ഒറ്റ, ഇരട്ട, മുക്കണ്ണി, കോതുകാൽ, പിറകോട്ടി തുടങ്ങിയ ചുവടുകളാണ് തുള്ളലിൽ ഉള്ളത്.

### പാരമ്പര്യം

ഭാരതവേലന്റെ പിന്തുടർച്ചക്കാരായ സമുദായ അംഗങ്ങളാണ് ഈ കലാരൂപം അവതരിപ്പിക്കുന്നത്. സംഘകാലത്തോളം പഴക്കമുള്ളതാണ് ഈ കലാരൂപത്തിന്റെയും വേലസമുദായത്തിന്റെയും പാരമ്പര്യം. വേലൻപാട്ടിൽ നിറയുന്ന വംശോല്പത്തിക്കഥകളും സാമുദായിക പ്രവർത്തികളും ഇതിന്റെ പ്രാക്തനതയെ അടയാളപ്പെടുത്തുന്നുണ്ട്. സംഘകാലത്തെ തിണ സങ്കല്പങ്ങളിൽ കുറുഞ്ചിത്തിണയിലെ മന്ത്രവാദിയാണ് വേലൻ. കൂടാതെ സംഘകാലം മുതൽ ഇങ്ങോട്ട് ക്ഷേത്രാചാരങ്ങളിൽ ശ്രീകോവിലിന് പുറത്തുള്ള ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വേലസമുദായത്തിന് കൃത്യമായ സ്ഥാനം തന്നെയുണ്ടായിരുന്നു. അടവി, പള്ളിപ്പാന തുടങ്ങിയ ക്ഷേത്രാചാരങ്ങൾക്കും ചാറ്റ്, ചാഴിവിലക്ക്, മുറോത്ത് തുടങ്ങിയ അചാരങ്ങളും നടത്തിയിരുന്നതും ഇപ്പോൾ ചിലയിടങ്ങളിലെങ്കിലും നടത്തുന്നതും വേലന്മാരാണ്.

കഥ

വേലസമുദായത്തിന്റെ വംശോല്പത്തികഥകളും പിണിതീർത്തൊഴിക്കൽ പാട്ടുമാണ് തുള്ളലിന് പ്രധാനമായും പശ്ചാത്തലമായി പാടുന്നത്. പൂം കുറവനായും പൂം കുറത്തിയായും അടവിയിൽ പാർവതിയും പരമേശ്വരനും നടക്കുമ്പോൾ ആനയുടെ വേഷം സ്വീകരിച്ച് ഗജമുഖനായ ഗണപതിക്ക് ജന്മംനല്കിയതും ഗണപതിയുടെ കരച്ചിലും കുസൃതികളും കണ്ട പരമശിവൻ മഹാഭാരത കഥപറഞ്ഞുകൊടുക്കുന്ന രംഗവും പറഞ്ഞാണ് പൂവാംകുറുന്തില തുള്ളൽ ആരംഭിക്കുന്നത്. പാർവതിയുടെയും പരമശിവന്റെയും വേഷംകെട്ടിയവർ തുള്ളുകയും പാട്ടുകാർ മഹാഭാരതകഥ തുടികൊട്ടിപ്പാടുകയും ചെയ്യുന്നു. വംശോല്പത്തിക്കഥയിൽ പാടുന്ന പാട്ടിന് പുരാണത്തിലെ അമൃതമഥനം കഥയിൽനിന്ന് കുറച്ച് വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്.

ദുർവാസാവിന്റെ ശാപത്താൽ വാർദ്ധക്യംബാധിച്ച ദേവന്മാർ ശാപമോക്ഷത്തിനായി അമൃത് ലഭിക്കുന്നതിന് പാലാഴികടയുന്നു. അമൃത് കിട്ടിയ അസുരന്മാരിൽ നിന്ന് അത് തിരികെ എടുക്കുന്നതിനായി മഹാവിഷ്ണു മോഹിനി വേഷധാരിയായി ചെന്ന് അമൃത് കൈക്കലാക്കുന്നു. അമൃത് തട്ടിയെടുത്തത് മഹാവിഷ്ണുവാണെന്ന് മനസ്സിലാക്കിയ അസുരന്മാർ അദ്ദേഹത്തിനെതിരെ ആഭിചാരപ്രവർത്തിചെയ്തു. ആഭിചാരം ഏറ്റ മഹാവിഷ്ണുവിനെ രക്ഷിക്കുന്നതിനായി ദേവന്മാർ ശ്രമം ആരംഭിച്ചു. അതിനായി ആദ്യം സുബ്രഹ്മണ്യനെക്കൊണ്ട് രാശിവപ്പിച്ച് നോക്കി. വേലനെവിളിച്ചുവരുത്തി, അവന്റെ കാർമികത്വത്തിൽ വേണം ആഭിചാരദോഷം തീർക്കാനെന്ന് സുബ്രഹ്മണ്യൻ പറഞ്ഞതനുസരിച്ച് ദേവന്മാർ വേലനെ തിരഞ്ഞിറങ്ങിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. ഒടുവിൽ നാരദന്റെ സഹായത്തോടെ കൈലാസത്തിലെത്തി ശിവനെ കാര്യങ്ങൾ അറിയിച്ചു. വേലനെ ആഭിചാരദോഷപരിഹാരത്തിനായി അയക്കാമെന്ന് ശിവൻ അറിയിക്കുകയും ചെയ്തു. ശിവൻ വേലന്റെയും പാർവതി വേലത്തിയുടെയും വേഷത്തിൽ പാലാഴിയിൽ ചെന്ന് ആഭിചാരമൊഴിക്കൽ പ്രവൃത്തിചെയ്തു തുടങ്ങി. ശിവൻ തുടികൊട്ടിപ്പാടിയപ്പോൾ മഹാവിഷ്ണു ഉണരുകയും പിണിദോഷം തീർക്കാൻ അനുവാദം നല്കുകയും ചെയ്തു. തുടർന്നു ദോഷം തീർത്തുവെന്ന് കഥ. അങ്ങനെയാണ് ദേവന്മാർക്കും മനുഷ്യർക്കുമുണ്ടാകുന്ന ദോഷങ്ങൾ തീർക്കാൻ ഓതുകയും ചാറ്റുപ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നതിനുള്ള അവകാശം വേലന് കിട്ടിയെന്നാണ് പാട്ടിലൂടെ പറയുന്നത്.

തന്നുടമ്പു പറിച്ച വേലനെയമ്പിനോടു പടച്ചതേ
മങ്ക പാർവതി തന്റെ മാർവിടമമ്പിനോടു പറിച്ചവൻ
മങ്കയിവൾ വേലത്തിയെന്നരുൾ ചെയ്തുപിന്നിൽ നിറുത്തിനാൾ
പിന്നിലങ്ങു നടപ്പതിന്നിനി ആരിതെന്നുനിനച്ചവൻ
പിന്നെയങ്ങു പണിഞ്ഞു ഭൂതഗണത്തെയും പിറമാടിയായ്
വേലെടുത്ത ഷഡാനനന്നൊരുവേൽ നല്കിയ കാരണം
വേലനെന്നു പുകഴ്ത്തി ദേവകൾ വാനിൽ നിന്നവരൊക്കെയും

മഹാവിഷ്ണുവിന് ബാധിച്ച പിണി തീർത്തൊഴിക്കാൻ വേലവേഷംകെട്ടിയ ശിവൻ ഉപയോഗിച്ച പൂക്കളിലൊന്നായിരുന്നു പൂവാംകുറുന്തില. ദശപുഷ്പങ്ങളിൽ പ്രധാനപ്പെട്ട പൂവ് ഉപയോഗിച്ചതുകൊണ്ടാവാം തുള്ളലിന് പൂവാംകുറുന്തിലത്തുള്ളൽ എന്ന പേരുവീണത്.

നാരങ്ങാനത്തിന് സമീപത്തെ കാരിമുറ്റം സ്വദേശിയായ വേലായുധനാശാനാണ് ഇന്ന് ഈ കലാരൂപത്തിന്റെ വക്താവ്. ഇദ്ദേഹത്തിന് പൂർവികരിൽനിന്നു പകർന്നു കിട്ടയതാണ് ഈ കലാരൂപം. സാമുദായികമായി ഗോത്രപരമായി പൂർവികർ ഉപയോഗിച്ചിരുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള വാദ്യോപകരണങ്ങളും ഇദ്ദേഹത്തിന്റെ കൈവശം

സൂക്ഷിക്കുന്നുണ്ട്. പൂർവികർ നൂറ്റാണ്ടുകളായി ആറന്മുള പാർഥസാരഥി ക്ഷേത്രം, ശബരിമല മാളികപ്പുറം എന്നിവിടങ്ങളിൽ കുലത്തൊഴിലായ വേലൻപാട്ടും പറകൊട്ടിച്ചാറ്റും കണ്ണുംദോഷം അകറ്റലും അമ്പലപ്പുഴയിൽ പള്ളിപ്പാനയും മറ്റും നടത്തിവന്നവരാണ്. ആ പിന്തുടർച്ച വേലായുധനാശാനും ഇന്നും തുടർന്നു പോകുന്നുണ്ട്. ഇങ്ങനെയൊക്കാണെങ്കിലും ഈ കലാരൂപം ഇന്ന് നാശത്തിന്റെ വക്കിലാണ്. സാമുദായിക ആചാരം പോലെ നടത്തിയിരുന്ന ഈ കലാരൂപത്തിന് പിന്മുറക്കാർ വലിയ പ്രാധാന്യം കൊടുക്കാത്തത് ഈ കലാരൂപത്തിന്റെ നിലനില്പിനെ കാര്യമായി ബാധിക്കുകമാത്രമല്ല ഒരു സമുദായത്തിന്റെ പാരമ്പര്യവും ഗോത്രസ്മൃതികളും ജീവിതരീതികളുമാണ് നഷ്ടമാകുന്നത്.

കടപ്പാട്

വേലായുധനാശാൻ,
ഡോ.ബി. രവികുമാർ,
ഗോപു വി. നായർ,
രാജേഷ് വേലായുധൻ.